മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങളുടെ സത്ഫലങ്ങൾ അതിരൂപതയിലെ അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ബഹു. വികാരിയച്ചന്മാർ, കൈക്കാരന്മാരുടെയും പാരിഷ് കൗൺസിൽ അംഗങ്ങളുടെയും സമുദായ സംഘടനാ ഭാരവാഹികളുടെയും സാമൂഹ്യ സേവന കമ്മിറ്റിയുടെയും കൂട്ടായ പങ്കാളിത്തത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുവാൻ വഴിയൊരുക്കുകയും ചെയ്യുമല്ലോ.

സ്നേഹപൂർവ്വം,

✠ **മാർ ജോസഫ് പണ്ടാരശ്ശേരിൽ**
കോട്ടയം അതിരൂപതാ സഹായ മെത്രാൻ

NB: ഈ സർക്കുലറിലെ വിവരങ്ങൾ ഇടവകാംഗങ്ങളെ അറിയിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

Circular No. **313**
Episcopal Silver Jubilee Charitable Initiatives

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 10.02.2024

പ്രിയ ബഹു. അച്ചാ, പ്രിയ ദൈവജനമേ,

അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ടു പിതാവിന്റെ മെത്രാഭിഷേക രജതജൂബിലിയോടനുബന്ധിച്ച് നമ്മൾ വിഭാവനം ചെയ്തിരിക്കുന്ന ഉപവി പ്രവർത്തനങ്ങളുടെ കൂടുതൽ വിശദാംശങ്ങൾ അറിയിക്കുകയാണ്.

1. ഭവനനിർമ്മാണം

അതിരൂപതയിലെ തെരഞ്ഞെടുക്കപ്പെടുന്ന 25 കുടുംബങ്ങൾക്ക് ഒരു വർഷത്തിനകം ഭവനങ്ങൾ നിർമ്മിച്ചു നൽകുകയെന്നതാണ് ലക്ഷ്യം. നിർമ്മിക്കുന്ന ഭവനങ്ങൾക്ക് താഴെപ്പറയുന്ന മാനദണ്ഡങ്ങളാണു നിശ്ചയിച്ചിരിക്കുന്നത്.

- കുറഞ്ഞത് 574 ചതുരശ്രയടിയും പരമാവധി 772 ചതുരശ്രയടിയും വലുപ്പമുള്ള അത്യാവശ്യ സൗകര്യങ്ങളോടുകൂടിയ ഭവനമാണ് നിർമ്മിക്കുന്നത്. ആവശ്യാനുസരണം പിന്നീട് കൂടുതൽ വലുപ്പത്തിൽ പണിയുന്നതിനുള്ള സാധ്യത നിലനിർത്തിയുള്ള രണ്ട് മാതൃകാ പ്ലാനുകളും എസ്റ്റിമേറ്റും ഇതിനായി തയ്യാറാക്കിയിട്ടുണ്ട്.
- ശരാശരി 10 ലക്ഷം രൂപ ചിലവു കണക്കാക്കപ്പെടുന്ന ഭവനനിർമ്മാണത്തിന്റെ 25 ശതമാനം അതായത് രണ്ടരലക്ഷം രൂപ പ്രാദേശികമായി സമാഹരിക്കുമ്പോൾ (ഗുണഭോക്തൃ കുടുംബം, വ്യക്തികൾ, സംഘടനകൾ, ഇടവക) ശേഷിക്കുന്ന ഏഴരലക്ഷം രൂപ ഈ ലക്ഷ്യത്തിൽ സമാഹരിക്കുന്ന അതിരൂപതാ ഫണ്ടിൽനിന്നും പണി പുരോഗമിക്കുന്നതിനനുസരിച്ച് തവണകളായി ലഭ്യമാക്കുന്നതാണ്.
- 25 വീടുകളിൽ 14 വീടുകൾ 14 ഫൊറോനകളിൽനിന്നും ലഭിക്കുന്ന അപേക്ഷകളിൽനിന്നും ഒരെണ്ണം വീതം തെരഞ്ഞെടുക്കുന്നതാണ്. ഏതെങ്കിലും ഫൊറോനയിൽ അർഹതപ്പെട്ടവരില്ലെങ്കിൽ അതു മറ്റു ഫൊറോനയ്ക്കായി നൽകുന്നതാണ്. ബാക്കി 11 ഭവനങ്ങൾ ഫൊറോനകളിൽ

നിന്നും മുൻഗണനാക്രമത്തിലുള്ള ബാക്കി അപേക്ഷകൾ പരിഗണിച്ച് ഏറ്റവും പിന്നോക്കാവസ്ഥയും ആവശ്യകത യുമുള്ള കുടുംബങ്ങൾക്ക് അനുവദിക്കുന്നതാണ്.

- ഓരോ ഇടവകയിലും വാസയോഗ്യമായ ഭവനം അനിവാര്യ മായ കുടുംബങ്ങളിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് ഇടവക കമ്മിറ്റിയുടെ സഹായത്തോടെ തെരഞ്ഞെടുക്കുന്ന ഒരു ഭവനത്തിന്റെ അപേക്ഷ ഇടവക വികാരിയച്ചൻ ഫൊറോന വികാരിക്കു നൽകണം. ഫൊറോന വികാരിയുടെ നേതൃത്വത്തിൽ ഫൊറോനയിൽനിന്നുമുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുൾപ്പെടുന്ന ഒരു കമ്മിറ്റി ഫൊറോന തലത്തിൽ അപേക്ഷകൾ വിലയിരുത്തി തെരഞ്ഞെടുപ്പ് നടത്തി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (കോട്ടയം)/ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി (മലബാർ)/ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി (ഹൈറേഞ്ച്) സെക്രട്ടറിക്ക് മാർച്ച് 20-ാം തീയതിക്കകം കൈമാറേണ്ടതാണ്.
- സാമൂഹ്യസേവന വിഭാഗങ്ങൾ ലഭ്യമാകുന്ന അപേക്ഷകൾ വിലയിരുത്തി അതിരൂപതാ കേന്ദ്രത്തിൽ ഏപ്രിൽ 1- ാം തീയതിക്കകം ലഭ്യമാക്കുന്നതും തുടർന്ന് അതിരൂപതാ കമ്മിറ്റി 25 ഭവനങ്ങളെ തെരഞ്ഞെടുക്കുന്നതുമാണ്.

2. കാരുണ്യദീപം

അടിസ്ഥാന ആവശ്യങ്ങൾ പ്രത്യേകിച്ച് ഭക്ഷണം, മരുന്ന് എന്നിവയ്ക്ക് അനുദിനം ക്ലേശിക്കുന്ന സ്ഥിരവരുമാനമില്ലാത്ത അതിരൂപതയിലെ കുടുംബങ്ങൾക്ക് പ്രസ്തുത അടിയന്തിര ആവശ്യങ്ങൾക്കായി പ്രതിമാസം 2500 രൂപ വീതം കുടുംബ ത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്ന കാരുണ്യദീപം പദ്ധതിയിലൂടെ അതിരൂപതയിൽ നിലവിൽ നിരവധി കുടുംബ ങ്ങളെ സഹായിച്ചു വരുന്നു. ഇപ്രകാരം തികച്ചും അർഹതയുള്ള നമ്മുടെ അതിരൂപതയിലെ എല്ലാ കുടുംബങ്ങൾക്കും സഹായം ലഭ്യമാക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി ഇടവകയിൽ തികച്ചും അർഹതയുള്ള കുടുംബങ്ങളുണ്ടെങ്കിൽ പ്രസ്തുത കുടുംബങ്ങൾക്ക് ഇടവകയുടെ നേതൃത്വത്തിൽ ധനസമാഹ

രണം നടത്തി സഹായം ഉറപ്പുവരുത്തുവാൻ ശ്രമിക്കേണ്ടതാണ്. ഇടവകതലത്തിൽ പ്രസ്തുത സഹായം ലഭ്യമാക്കുവാൻ സാധിക്കുന്നില്ലാത്ത ഇടവകകളിൽ നിന്നുമുള്ള ലിസ്റ്റ് അതതു പ്രദേശത്തെ സാമൂഹ്യസേവന വിഭാഗത്തിന് (KSSS/ MASSS/ GDS) മാർച്ച് 15-ാം തീയതിക്കകം അയച്ചുകൊടുക്കേണ്ടതാണ്.

3. പഞ്ചാബ് മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തൽ

അതിരൂപതയിലെ മിഷനറി സൊസൈറ്റി ഓഫ് സെന്റ് പയസ് ടെന്തിലെ ബഹു. വൈദികരുടെ നേതൃത്വത്തിൽ പഞ്ചാബിലെ മൂന്നു വില്ലേജുകൾ കേന്ദ്രീകരിച്ചു നടത്തുന്ന മിഷൻ പ്രവർത്തനങ്ങൾക്ക് അതിരൂപതയിലെ ചെറുപുഷ്പ മിഷൻലീഗിന്റെ മുഖ്യസഹകരണത്തോടെ സ്ഥലസൗകര്യം, പ്രാർത്ഥനാലയം, താമസസൗകര്യം തുടങ്ങിയ സുസ്ഥിര സംവിധാനങ്ങളൊരുക്കുന്നതിനുള്ള കൂടിയാലോചനകളും രൂപരേഖയും ഇതിനോടകം തയ്യാറായിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചാബിലെ താപ്പാ, സുന, സിർഹിന്ദ് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രാർത്ഥനാലയങ്ങൾ, വൈദികർക്കായുള്ള താമസ സൗകര്യങ്ങൾ, പ്രാദേശികമായ നേതൃത്വം നൽകുന്നതിനായി അല്മായ പ്രേഷിതരുടെ സേവനങ്ങൾ എന്നിവ സുസ്ഥിരമായി സംലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണു വിഭാവനം ചെയ്യുന്നത്. സ്ഥലം വാങ്ങുക, പ്രാർത്ഥനാലയങ്ങളും താമസ ത്തിനായുള്ള ഭവനങ്ങളും നിർമ്മിക്കുക, ശുശ്രൂഷകർക്കായുള്ള വേതനവും ഇതര ക്രമീകരണങ്ങളുമൊരുക്കുക തുടങ്ങിയ കാര്യങ്ങളിൽ ചെറുപുഷ്പമിഷൻ ലീഗിന്റെയും പയസ് ടെൻത് മിഷനറി സൊസൈറ്റിയുടെയും നേതൃത്വത്തിൽ നടക്കുന്ന ഉദ്യമങ്ങളോടുചേർന്ന് വിസിറ്റേഷൻ, കുഞ്ഞുമക്കൾ എന്നീ സന്യാസിനീ സമൂഹങ്ങളും സഹകരണം വാഗ്ദാനം ചെയ്തി ട്ടുണ്ട്.

4. സൗജന്യ ഡയാലിസിസ് സൗകര്യം

കാരിത്താസ് ആശുപത്രിയിൽ നിലവിൽ ഡയാലിസിസ് ചെയ്യുന്ന എല്ലാ രോഗികൾക്കും അവരുടെ അർഹത പരിഗണിച്ച് ഒരു ഡയാലിസിസ് വീതം ജൂബിലിയോടനുബന്ധിച്ച് സൗജന്യ മായി ഇതിനോടകം നൽകിത്തുടങ്ങിയിട്ടുണ്ട്. തുടർന്ന് പ്രതിവർഷം 500 സൗജന്യ ഡയാലിസിസുകൾ വീതം അർഹത യുള്ളവർക്ക് അടുത്ത 10 വർഷത്തേക്കു ലഭ്യമാക്കുന്നതാണ്.